അനുഭവപ്പെടുകയാണ്. 2—3 കിലോമീറ്റർ വാഹനങ്ങളിൽ പോയി വീട്ടാവശ്യങ്ങൾക്ക് ശുദ്ധജലം കൊണ്ടുവരേണ്ട ഒരു സ്ഥിതിവിശേഷം ഇന്ന് ഈ നിയോജകമണ്ഡലത്തിലെ പല ഭാഗങ്ങളിലും നില നിൽക്കുകയാണ്. തിരുവനന്തപുരം വാട്ടർ സപ്ലൈ സ്കീമിൽനിന്ന് ഈ നിയോജകമണ്ഡലത്തിലെ വിഴിഞ്ഞം, തിരുവല്ലം, കല്ലിയൂർ, വെങ്ങാനൂർ എന്നീ നാലു പഞ്ചായത്തുകൾക്ക് ജലം നൽകുന്നുണ്ട്. ഈ നാലു പഞ്ചായത്തുകളിലും ഭാഗികമായി മാത്രമാണ് ജലം നൽകുന്നത്. ഈ പ്രദേശങ്ങളിൽ ഇന്ന് അൽപം പോലും ജലം കിട്ടാത്ത ധാരാളം പ്രദേശങ്ങൾ നിലനിൽക്കുന്നതുകൊണ്ട് പൂർണ്ണമായും തിരുവനന്തപുരം വാട്ടർ സപ്ലൈ സ്കീമിൽനിന്ന് ഈ നാലു പഞ്ചായത്തുകളിലും വെള്ളം കൊടുക്കുന്നതിന് അടിയന്തിരമായി നടപടികളുണ്ടാകണം. കോട്ടുകാൽ, കരുംകുളം, പൂവാർ, കാഞ്ഞിരംകുളം എന്നീ പഞ്ചായത്തുകളിലും ഇന്ന് അനുഭവപ്പെടുന്ന ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് നടപടികളുണ്ടാകണം.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): സർ, ഗ്രേറ്റർ ട്രിവാൻഡ്രം വാട്ടർ സപ്ലൈയെ സംബന്ധിച്ചിടത്തോളം തിരുവനന്തപുരത്തെ ജലവിതരണം ആഗ്മെന്റ് ചെയ്യാൻ വിവിധ നടപടികളും ഗവൺമെന്റ് സ്വീകരിച്ചുവരികയാണ്. എത്രയും വേഗം അതൊക്കെ പൂർത്തിയാക്കുന്നതിനുവേണ്ടിയുള്ള നടപടികളും എടുത്തു വരികയാണ്.

## (20) ബീഡിത്തൊഴിലാളികളുടെ പ്രോവിഡന്റ് ഫണ്ട്

ശ്രീ. സി. ടി. കൃഷ്ണൻ: സർ, കേരളത്തിലെ ലക്ഷക്കണക്കിനുള്ള ബീഡിത്തൊഴിലാളികളുടെ ചില പ്രശ്നങ്ങളാണ് എനിക്ക് മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. ലക്ഷക്കണക്കിന് ബീഡിത്തൊഴിലാളികളിൽ നിന്നും പിടിച്ചെടുത്ത പ്രോവിഡന്റ് ഫണ്ടിനു ഇന്നുവരെ അവർക്ക് യാതൊരു രേഖയും കൊടുക്കുന്നില്ല. പാലക്കാട് ജില്ലയിൽ തന്നെ ആയിരക്കണക്കിനു തൊഴിലാളികൾ അഞ്ചാറു വർഷമായി അടയ്ക്കുന്ന പ്രോവിഡന്റ് ഫണ്ടിനു യാതൊരു രേഖയും അവർക്ക് കൊടുക്കുന്നില്ല. കോടിക്കണക്കിനു രൂപ ബീഡി മുതലാളിമാർ തൊഴിലാളികളുടെ കയ്യിൽനിന്ന് പിടിച്ച് തിരിമറി ചെയ്യുകയാണ്. ഇതിനു ഒരു പ്രോവിഡന്റ് ഫണ്ട് കമ്മീഷണറും ഒരു ഡിപ്പാർട്ടുമെന്റുമുണ്ട്. അവർ അവിടെ എന്തിനാണ് ഇരിക്കുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞാൽ തരക്കേടില്ല. പാവപ്പെട്ട ബീഡിത്തൊഴിലാളികളിൽനിന്ന് പ്രോവിഡന്റ് ഫണ്ട് ഇനത്തിൽ പിരിക്കുന്ന പൈസയ്ക്ക് അവർക്ക് യാതൊരു രേഖയും കൊടുക്കുന്നില്ല. അതുപോലെത്തന്നെ അവരുടെ കൂലിയെ സംബന്ധിച്ച് ഒരു ഏകീകൃത മിനിമം വേതനം വേണമെന്ന ആവശ്യം വളരെക്കാലമായി കേരളത്തിലെ ബീഡിത്തൊഴിലാളികളും പ്രതിനിധികളും ഉയർത്തുന്നതാണ്. കർണ്ണാടകത്തിലും, തമിഴ്നാട്ടിലും ചുരുങ്ങിയ കൂലിക്ക് ..... കൂലി ഏകീകരിക്കാത്തതുകൊണ്ട് വ്യവസായം ആകെ തകർച്ചയിലേക്ക് പോവുകയാണ്. ആവിടെ ഡി. എ. നടപ്പിലാക്കുന്നില്ല. അവർക്ക് ബോണസ് നടപ്പിലാക്കുന്നില്ല. പുകയിലയ്ക്ക് ചുമത്തിയിരിക്കുന്ന ഡ്യൂട്ടി ലേബലിലേക്കായി മാറ്റിയതുകൊണ്ട് കോടിക്കണക്കിനു രൂപ കേന്ദ്ര ഗവൺമെന്റിനു നഷ്ടമാണ്. സുപ്രീം കോടതിയിൽ കേസ് പോയിട്ടാണ് തൊഴിലാളികൾ പി. എഫ്. നിയമം കൊണ്ടുവന്നത്. അതുകൊണ്ട് അവർക്ക് രേഖ കൊടുക്കണം.

LIBRARY ARCHIVES Kerala Legislative Assembly

തൊഴിൽവകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ): സർ, പ്രോവിഡൻറ് ഫണ്ട് ബീഡിത്തൊഴിലാളികൾക്ക് നടപ്പിലാക്കിയിരുന്നു. പക്ഷേ സുപ്രീം കോടതിയിൽ അതിന് സ്റ്റേയുണ്ടായിരുന്നു. 25-9-85-ലാണ് സുപ്രീം കോടതി സ്റ്റേ വെക്കേറ്റ് ചെയ്തത്. അതുകൊണ്ട് പിൽക്കാല പ്രാബല്യമായി അത് കണക്കാക്കുന്നതിന് കാലതാമസം വരുന്നുണ്ട്. അത് പരിശോധിക്കുന്നതാണ്. മിനിമം വേജസ് സിനെ സംബന്ധിച്ചിടത്തോളം മിനിമം വേജസ് സുണ്ട്. അത് ഫാക്ടറി മേഖലയിലുള്ള തൊഴിലാളികൾക്കൊക്കെ ലഭിക്കുന്നുണ്ട്. അത് കിട്ടുന്നില്ലായെന്നുള്ള പരാതിയില്ല. ഡി. എ. യെ സംബന്ധിച്ചിടത്തോളം എങ്ങനെ കാൽക്കുലേറ്റ് ചെയ്യണമെന്നുള്ളതിനെ സംബന്ധിച്ച് ഞാൻ വിളിച്ചു കൂട്ടിയ കോൺഫറൻസിൽ എഗ്രിമെൻറുണ്ടായിട്ടുണ്ട്. ഈ എഗ്രിമെൻറ് അനുസരിച്ച് വീണ്ടും പുതുക്കിയിട്ടുണ്ട്. ബോണസ് ഈ തൊഴിലാളികൾക്ക് കിട്ടുന്നില്ലയെന്ന് പരാതിയില്ല. പക്ഷേ ഇത്ര ഇതുമായി ബന്ധപ്പെട്ട ചുമട്ടു തൊഴിലാളികൾ തുടങ്ങിയ ചില വിഭാഗക്കാർക്ക് കിട്ടുന്നില്ലായെന്ന് പരാതിയുണ്ട്. അതിനെ സംബന്ധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(21) ആറ്റിങ്ങൽ വാട്ടർസപ്ലൈ സ്കീമിന്റെ പണി

ശ്രീ. പി. വിജയദാസ്: സർ, ആറ്റിങ്ങൽ വാട്ടർ സപ്ലൈ സ്കീമിന്റെ പണി ആരംഭിച്ചിട്ട് വർഷങ്ങളായി. ആ വാട്ടർ സപ്ലൈ സ്കീമിന്റെ പണി പൂർത്തിയാകാതെ കിടക്കുന്നതുമൂലം ആ

10 A.M.] പ്രദേശത്ത മുനിസിപ്പൽ ഏരിയായിലും അതുപോലെത്തന്നെ അഞ്ചുതെങ്ങ്, കടക്കാവൂർ, വക്കം, ചിറയൻകീഴ് തുടങ്ങിയ പഞ്ചായത്തുകളിലും വെള്ളം ലഭ്യമല്ലാത്ത ഒരു സ്ഥിതിയുണ്ട്. എനിക്ക് ഒരു നിർദ്ദേശമാണ് ആ കാര്യത്തെക്കുറിച്ച് അങ്ങയുടെ മുൻപിൽ വയ്ക്കാനുള്ളത്. ഈ പണി പൂർത്തിയാകുന്നതിനു മുൻപുതന്നെ അതിന് പകരം ഒരു സംവിധാനമേർപ്പെടുത്തിയാൽ ആ പ്രദേശത്തുള്ള ആളുകൾക്ക് അടിയന്തിരമായി വെള്ളം എത്തിക്കാൻ കഴിയും. അഞ്ചുതെങ്ങ് പഞ്ചായത്തിൽ കാക്കക്കുഴിയെന്ന സ്ഥലത്ത് ഒരു പദ്ധതിയുണ്ട്. അത് വിപുലമാക്കിയാൽ ആ പഞ്ചായത്തിൽ മുഴുവനും വെള്ളം എത്തിക്കാൻ കഴിയും. ആറ്റിങ്ങൽ വാട്ടർ സപ്ലൈ സ്കീമിന്റെ പണി പൂർത്തിയാകുന്നതിനു മുൻപുതന്നെ അതിന് പകരം ഒരു സംവിധാനം ഏർപ്പെടുത്താൻ ബന്ധപ്പെട്ട ഡിപ്പാർട്ടുമെൻറ് ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകിയാൽ അതു നടപ്പാക്കാൻ കഴിയുന്നതാണ്.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (കെ. എം. മാണി): ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങൾ തീർച്ചയായിട്ടും ഗവൺമെൻറ് ശ്രദ്ധിക്കുന്നതുണ്ട്. ഈ കാര്യങ്ങളെ സംബന്ധിച്ചുള്ള നടപടി മുന്നോട്ടു നീക്കുവാനുള്ള നടപടികൾ ആരംഭിച്ചുകൊണ്ടിരിക്കുകയാണ്.

(22) അടൂർ നിയോജകമണ്ഡലത്തിലെ ഏനാത്ത് കശുവണ്ടി ഫാക്ടറി കാപ്പെക്സ് ഏറ്റെടുക്കണമെന്നയാവശ്യം

ശ്രീ. തെന്നല ജി. ബാലകൃഷ്ണപ്പിള്ള: സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട ഏനാത്ത് കശുവണ്ടി ഫാക്ടറിയിലെ ഏതാണ്ട്

LIBRARY ARCHIVES Kerala Legislative Assembly